**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **30-08-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ അദ്ധ്യയന വർഷം വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആകെ എത്ര പ്ലസ് വൺ സീറ്റുകൾ അധികമായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം അധിക സീറ്റുകൾ അനുവദിച്ച സർക്കാർ, എയ്ഡഡ് സ്കൂളുകളുടേയും സീറ്റുകളുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| District | School Count | Additional Seats |
|---|---|---|
| Thiruvananthapuram | 134 | 6400 |
| Kollam | 116 | 4620 |
| Pathanamthitta | 0 | 0 |
| Alappuzha | 0 | 0 |
| Kottayam | 0 | 0 |
| Idukki | 0 | 0 |
| Ernakulam | 159 | 5350 |
| Thrissur | 165 | 5820 |
| Palakkad | 125 | 7350 |
| Kozhikode | 150 | 8695 |
| Malappuram | 173 | 13610 |
| Wayanad | 52 | 2260 |
| Kannur | 142 | 7300 |
| Kasargode | 88 | 3450 |
| TOTAL | 1665 | 64855 |

| | | | |
|---|---|---|---|
| (ബി) | അധിക സീറ്റുകൾ അനുവദിക്കുന്നതിന് മുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ | (ബി) | അധിക സീറ്റുകൾ അനുവദിക്കുന്നതിന് മുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മേഖലാ ഉപമേധാവികൾ നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പ്രാദേശിക ആവശ്യകത കണക്കിലെടുത്തുമാണ് |

| | | | |
|---|---|---|---|
| | അധികാരികളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | കഴിഞ്ഞ അദ്ധ്യയന വർഷം താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചത്. |
| (സി) | അടിസ്ഥാന സൗകര്യം ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിൽ മാത്രമാണോ സീറ്റ് വർദ്ധിപ്പിച്ചിട്ടുള്ളത്; അടിസ്ഥാന സൗകര്യം ഇല്ലാത്ത ഏതെങ്കിലും സ്കൂളിൽ അധികസീറ്റ് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | അടിസ്ഥാന സൗകര്യം ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിലും പ്രാദേശിക ആവശ്യകത കണക്കിലെടുത്തുമാണ് താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചത്. അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ഡി) | ബാധകമല്ല |
| (ഇ) | മേല്പറഞ്ഞ പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല അധിക സീറ്റുകൾ അനുവദിച്ചതെങ്കിൽ, സീറ്റ് അനുവദിച്ചത് ഏത് മാനദണ്ഡ പ്രകാരമാണ്; വ്യക്തമാക്കുമോ; | (ഇ) | ബാധകമല്ല |
| (എഫ്) | കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ അധിക സീറ്റ് അനുവദിക്കുന്നത്, അക്കാദമിക പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (എഫ്) | അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചിട്ടില്ല. |
| (ജി) | കൂടുതൽ കുട്ടികൾക്ക് പഠിക്കാൻ അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ അധിക സീറ്റ് അനുവദിക്കുന്ന നടപടി ഒഴിവാക്കി, സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയതിന് ശേഷം അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ജി) | അടിസ്ഥാന സൗകര്യം ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ച സ്കൂളുകളിൽ മാത്രമാണ് താൽക്കാലിക അധിക സീറ്റുകൾ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ